പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*204      11.03.2020 ൽ മറുപടിക്ക്

വൈദ്യുത രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കുവാൻ പദ്ധതി

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ

" സി.മമ്മൂട്ടി

"എം.സി. കമറുദ്ദീൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുത രംഗത്തെ അപകടങ്ങൾ ഒഴിവാക്കി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വൈദ്യുതി ബോർഡ് തയ്യാറാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ; | (എ)കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ-സേഫ്." 'വൈദ്യുതി അപകട രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ്2.0, ദ്യുതി 2021 തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018 ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ അപകടരഹിതമായ മാർഗത്തിലൂടെ വൈദ്യുതി വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ദ്യുതി 2021. പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തരനിലവാരത്തിൽ എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ദ്യുതി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മെച്ചപ്പെട്ട സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക എന്നതാണ്. ദ്യുതി പദ്ധതിയിൽ സുരക്ഷ മാത്രം മുൻനിറുത്തി 2159.09 കോടി രൂപ ചിലവ് വരുന്ന 10107 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും, ഘട്ടം ഘട്ടമായി എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണമായും ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി. എൽ. അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. നിലവിലുള്ള HT ഓവർ ഹെഡ് ലൈനിലെ തകരാർ എളുപ്പം കണ്ടെത്തി പരിഹരിക്കുന്നതിനായുള്ള കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിക്കുക അത് വഴി വൈദ്യുത സുരക്ഷ ഉറപ്പു വരുത്തുകയും ട്രാൻസ് ഫോർമർ എൽറ്റി ഭാഗത്തു വൈദ്യുത സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ സ്മാർട്ട് (എം.സി.സി.ബി), സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ സ്പേസറുകൾ സ്ഥാപിച്ചുകൊണ്ടും |

| | |
|---|---|
| | വൈദ്യുതികമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഇത്തരം അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496061061) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.<br>വിതരണ ശൃംഖല നവീകരണം കൊണ്ട് മാത്രം പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുതി അപകടം ഒഴിവാക്കാൻ കഴിയില്ല എന്ന് മനസിലാക്കി എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB നിർബന്ധമാക്കിയിട്ടുണ്ട്. ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിൽ ELCB സ്ഥാപിക്കുക വഴി അപകടം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കും. എന്നാൽ കേടായ വയറിംഗ് ഉള്ള വീടുകളിൽ ELCB സ്ഥാപിക്കാൻ സാധിക്കുകയില്ല എന്നതിനാൽ പുനർ വയറിംഗ് ആവശ്യമാണ്.ആദ്യ ഘട്ടമായി വൈദ്യുതി ചാർജ് അടയ്ക്കുന്നത് ഒഴിവാക്കി നൽകിയിട്ടുള്ള കുടുംബങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) വൈദ്യുതി ബോർഡിന്റെ അനാസ്ഥ മൂലം ഷോക്കേറ്റ് ആളുകൾ മരിക്കാനിടയായ സംഭവങ്ങൾ 2020 ഫെബ്രുവരി മാസം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) 2020 ഫെബ്രുവരി മാസത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനു വേണ്ടി ജോലിനോക്കുന്നതിനിടയിൽ അപകടത്തിൽപെട്ട് സ്ഥിരം ജീവനക്കാരായ 3 പേർക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കരുവന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 27.02.2020 ൽ ഉണ്ടായ ശക്തമായ കാറ്റിൽ വൈദ്യുതി ലൈൻ പൊട്ടിവീണ് പറമ്പിൽ പുല്ല് ശേഖരിക്കുകയായിരുന്ന പാലക്കാട് സ്വദേശികളും സ്ത്രീകളുമായ 2 പൊതുജനങ്ങൾക്കും ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി അപകടങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച അന്വേഷണങ്ങൾ നടന്നുവരുകയാണ്. |
| (സി) ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) ലൈനുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുമ്പോൾ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ട സാഹചര്യങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായി പാലിക്കുന്നതിനുള്ള ജീവനക്കാരുടെ വിമുഖത കാരണവും Personnel Protective equipments (അരക്കയർ, എർത്തിംഗ് തുടങ്ങിയവ) ഉപയോഗിക്കുന്നതിനുള്ള താല്പര്യക്കുറവും, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നതുമൂലവും, ഉയരത്തിൽ നിന്നും വീണും വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്. പ്രാരംഭ നടപടി എന്ന രീതിയിൽ വീഴ്ച വരുത്തുന്നവർക്ക് സുരക്ഷാ നടപടികളെ കുറിച്ച് ബോധവൽക്കരണം നടത്തി താക്കീത് നൽകുകയാണു ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ